**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3096** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭജല സംപോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലസംരക്ഷണവും ജലഗുണനിലവാരവും ശുദ്ധജല ലഭ്യതയും മെച്ചപ്പെടുത്തുന്നതിനായി പൊതുജനങ്ങളിൽ ജലസാക്ഷരത ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | **വിശകലനം ചെയ്തിട്ടുണ്ട്.**<br><br>**'ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും' എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ / കോളേജ് വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും, ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും ഭൂജല സംരക്ഷണം, പരിപാലനം, ഗുണനിലവാരം എന്നീ വിഷയങ്ങളിൽ ഭൂജലവകുപ്പ് ബോധവൽക്കരണ സെമിനാറുകൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ചു വരുന്നു.** 2021 - 2022 **മുതൽ സെപ്റ്റംബർ** 2025 **വരെ 251 ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു. ഏകദേശം ഇരുപത്തി അയ്യായിരം പേർ പങ്കെടുത്തു.**<br><br>**സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "IEC & Jalasree Club Activities" എന്ന ശീർഷകത്തിൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ജലനിധി പദ്ധതി നടപ്പിലാക്കുമ്പോഴും പിന്നീട് ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായും IEC പ്രവർത്തനങ്ങളിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.**<br><br>**ജലജീവൻ പദ്ധതിയുടെ ഭാഗമായി IEC (Information, Education and Communication) പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിലും ഗ്രാമസഭകളിലും ISA (Institutional Support Agency)- കൾ വഴി ജല സംരക്ഷണവും ജലഗുണനിലവാരവും ശുദ്ധജല ലഭ്യതയും മെച്ചപ്പെടുത്തുന്നതിനായി പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തിയിരുന്നു.** |

| | | | |
|---|---|---|---|
| | | | |
| (ബി) | പുതുതലമുറയ്ക്ക് ജലസാക്ഷരത പരിചയപ്പെടുത്തുന്നതിനായി ജലസംരക്ഷണത്തിന്റെ നല്ല പാഠങ്ങൾ സ്കൂൾതലത്തിൽ തന്നെ പരിശീലിപ്പിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | ജലനിധി - ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ KRWSA-യ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്. |
| (സി) | മഴവെള്ളം പരമാവധി ഉപയോഗപ്പെടുത്തുന്നതിനും ഭൂഗർഭജല സംപോഷണത്തിനും സഹായിക്കുന്ന തരത്തിലുള്ള കെട്ടിട നിർമ്മാണ മാതൃകകൾ പിന്തുടരുന്നതിന് പൊതുജനത്തെ ബോധവൽക്കരിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | ഭൂജലവകുപ്പ് ഭൂജല സംരക്ഷണത്തെ കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ KRWSA മുഖേന നടപ്പിലാക്കിയ ജലനിധി പദ്ധതിയിൽ മാതൃകാ യൂണിറ്റുകൾ നിർമ്മിച്ചിരുന്നു. പൊതു കിണറുകളിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾകൊള്ളിച്ച് റീചാർജ്ജ് യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു . “Scaling up of RWH & GWR” എന്ന ശീർഷകത്തിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുന്നുണ്ട്. |
| (ഡി) | എല്ലാ കുടിവെള്ള സ്രോതസ്സുകളിലെയും ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സമൂഹത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും മികച്ച മാലിന്യ സംസ്കരണ സംവിധാനവും പിന്തുടരുവാൻ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | 'ഭൂജലത്തിന്റെ നിയന്ത്രണവും, ക്രമീകരണവും' എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ / കോളേജ് വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും, ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും ഭൂജലസംരക്ഷണം, പരിപാലനം, ഗുണനിലവാരം എന്നീ വിഷയങ്ങളിൽ ഭൂജലവകുപ്പ് ബോധവൽക്കരണ സെമിനാറുകൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ചു വരുന്നു.<br><br>KRWSA മുഖേന “IEC & Jalasree Club Activities” എന്ന ശീർഷകത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗപ്പെടുത്തി പഞ്ചായത്തുകളിലെ കുടിവെള്ള സ്രോതസുകളുടെ ഗുണനിലവാര പരിശോധന പ്രോഗ്രാം നടപ്പിലാക്കി. സർക്കാർ സ്ഥാപനങ്ങളിലെ ഗ്രേ വാട്ടർ സംസ്കരണത്തിന് സ്റ്റേറ്റ് പ്ലാനിൽ ഉൾക്കൊള്ളിച്ച് KRWSA നടപടികൾ സ്വീകരിക്കുന്നുണ്ട് . കൂടാതെ KRWSA ഗ്രേ വാട്ടർ സംസ്കരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള SBM പദ്ധതിയുടെ ഡെപ്പോസിറ്റ് ഏജൻസിയും ആണ് .<br><br>ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വ്യാപകമായ ജലസംരക്ഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പരസ്യ പ്രക്ഷേപണ പരിപാടികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടത്തിയിട്ടുണ്ട്. കൂടാതെ സാധ്യമായ ഇടങ്ങളിൽ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കാറുണ്ട്. അതോടൊപ്പം കേരള വാട്ടർ അതോറിറ്റിക്ക് കീഴിലുള്ള |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് (SRI) മുഖാന്തിരം കുടുംബശ്രീയുമായി ചേർന്ന് ഫീൽഡ് ടെസ്റ്റ് കിറ്റുകൾ (FTK) ഉപയോഗിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ